**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിക്കുന്നതിനും ആയി സംസ്ഥാന സർക്കാർ എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയും സംസ്ഥാന കരിക്കുലം കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ധരെയും അധ്യാപകരെയും ഉൾപ്പെടുത്തി 26 മേഖലയിലെ ഫോക്കസ് ഗ്രൂപ്പുകൾ സംസ്ഥാനത്ത് രൂപീകരിച്ചു. ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ അതത് മേഖലയുമായി ബന്ധപ്പെട്ട പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ചർച്ചാക്കുറിപ്പുകൾ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ തയാറാക്കി പ്രസിദ്ധീകരിച്ചു. ഈ ചർച്ചാക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ സ്കൂൾതലം മുതൽ ജില്ലാതലം വരെ ജനകീയ ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ സംഘാടക സമിതികളുടെ രൂപീകരണവും ജനകീയ ചർച്ചകളും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനു സമാന്തരമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ അഭിപ്രായം കൂടി തേടുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഒരു ദിവസം സംസ്ഥാനത്തെ എല്ലാ ക്ലാസ് മുറികളിലും ചർച്ച സംഘടിപ്പിച്ച് ക്രോഡീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ലോകത്തെവിടെയുമുള്ള |

| | | | |
|---|---|---|---|
| | | | വ്യക്തികൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തങ്ങളുടെ സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തുവാൻ ആവശ്യമായ ടെക് പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. |
| (ബി) | 2013 ലെ പാഠ്യപദ്ധതി പരിഷക്കരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഏതെങ്കിലും തരത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിലെ പാഠ്യപദ്ധതിയെക്കുറിച്ചും പഠന സാമഗ്രികളെക്കുറിച്ചും എസ്.സി.ഇ. ആർ.ടി വിശദമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫലപ്രദമായ ക്ലാസ് റൂം വിനിമയത്തിന് ആവശ്യമായ ട്രാൻസാക്ഷണൽ ടെക്സ്റ്റുകൾ വികസിപ്പിച്ച് സ്കൂൾ തല ട്രൈ ഔട്ടുകൾ നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ നിർദ്ദേശമായി സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കണമെന്ന് അഭിപ്രായം ഉണ്ടായിരുന്നു. |
| (സി) | പാഠ്യപദ്ധതി ചട്ടക്കൂടിന്റെ താഴെതട്ട് മുതൽ നടക്കുന്ന ചർച്ചകൾ ക്രോഡീകരിക്കുന്നതിനും അത് സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജനകീയ ചർച്ചകൾ സംഘടിപ്പിക്കുവാനായി ഓരോ ബി.ആർ.സി. കേന്ദ്രീകരിച്ച് റിസോഴ്സ് അധ്യാപകരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി. ഈ റിസോഴ്സ് അധ്യാപകരുടെ നേതൃത്വത്തിലാണ് ബി.ആർ.സി. തലത്തിലുള്ള ചർച്ചയും ചർച്ചയുടെ ക്രോഡീകരണവും നടത്തുന്നത്. ഇതു കൂടാതെ സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിൽ നിന്നും ഒരു അധ്യാപകനെ/ അധ്യാപികയെ തിരഞ്ഞെടുത്ത് എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ ഓൺലൈൻ പരിശീലനം നൽകി. ഇത്തരത്തിൽ പരിശീലനം ലഭിച്ച അധ്യാപകന്റെ/അധ്യാപികയുടെ നേതൃത്വത്തിലാണ് സ്കൂൾതലത്തിലെ പാഠ്യപദ്ധതി ജനകീയ ചർച്ചയുടെ സംഘാടനവും മേൽനോട്ടവും നടത്തുക. സ്കൂൾതല ചർച്ചകൾക്ക് ശേഷം പഞ്ചായത്ത്, ബ്ലോക്ക് തല ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും ജനകീയ ചർച്ചയുടെ ഭാഗമായി തയ്യാറാക്കുന്ന കുറിപ്പുകളെ ക്രോഡീകരിച്ച് 26 വ്യത്യസ്ത ഫോക്കസ് മേഖലകളായി തരംതിരിച്ച് എസ്.സി.ഇ.ആർ.ടി. യ്ക്ക് കൈമാറുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതത് ഫോക്കസ് ഗ്രൂപ്പുകൾക്ക് കൈമാറുന്നതായിരിക്കും. ജനകീയ ചർച്ചകളിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങൾ കൂടി ഉൾചേർത്ത് പൊസിഷൻ പേപ്പറുകൾ പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ